പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** 07.03.2018 - ൽ മറുപടിയ്ക്ക്

**<u>അവയവസ്വീകർത്താവിൽ നിന്നും ഫീസ്</u>**

| **<u>ചോദ്യം</u>** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** |
|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ. പി.ടി.തോമസ്**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.ഷാഫി പറമ്പിൽ** | (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ജീവിച്ചിരിക്കുന്നവരുടെ അവയവ ദാനത്തിന് സ്വീകർത്താവിൽ നിന്നും ഫീസ് ഈടാക്കുവാനും ദാതാവിന് ആജീവനാന്ത ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) ദാതാവിന്റെ ആശുപത്രി ചെലവ് അവയവ സ്വീകർത്താവ് വഹിക്കണമെന്നിരിക്കെ, വൻതുക മൃതസഞ്ജീവനിയിൽ അടയ്ക്കണമെന്ന തീരുമാനം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്വീകർത്താക്കൾക്ക് പ്രയാസമുണ്ടാക്കുന്നതാകയാൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള തുക കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടു വരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി ഒരു പുതിയ രജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്-ന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവ ദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായി 15.02.2018 ലെ സ.ഉ.(കൈ)നം.26/2018/ ആകുവ നമ്പർ പ്രകാരം പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിയുടെ ആജീവനാന്ത ആരോഗ്യ പരിരക്ഷയ്ക്ക് വിനിയോഗിക്കുന്നതിനായി സ്വീകർത്താവിൽ നിന്നും രണ്ട് ലക്ഷം രൂപ ഫീസിനത്തിൽ ഈടാക്കുന്നതിനും ദാതാവിന് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രാബല്യത്തിലാകുന്ന മുറയ്ക്ക് സ്വീകർത്താവിൽ നിന്നും ഈടാക്കുന്നതിനായി ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തുക സ്വീകർത്താക്കൾക്ക് പ്രയാസമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പുന:പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ